**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2094** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് റെഗുലേറ്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. എ. മജീദ് ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ന്യൂ കട്ട് പുഴയിൽ സ്ഥിതി ചെയ്യുന്ന ന്യൂ കട്ട് റെഗുലേറ്ററിൽ ചോർച്ച ഉള്ളതിനാൽ ശുദ്ധജലം കടലിലേക്ക് ഒഴുകി ഉപയോഗമില്ലാതെയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

**<u>മറുപടി:</u>** വേനലിന്റെ ആരംഭത്തോടെ മരപ്പലകകൾക്കിടയിൽ മണ്ണിട്ടാണ് ന്യൂകട്ട് റെഗുലേറ്ററിൽ ജലസംഭരണം നടത്തുന്നത്. എന്നാൽ ജലനിരപ്പ് കുറഞ്ഞത് ഒഴുക്കിന്റെ ശക്തി കുറയുന്നതോടെ മാത്രമേ മരപ്പലക സ്ഥാപിച്ച് ജലസംഭരണം സാധ്യമാവുകയുള്ളൂ. ഈ കാലയളവിലും, മരപ്പലകക്കടിയിലൂടെയുള്ള ചോർച്ച മൂലവും പരിമിതമായ അളവിൽ ജലം കടലിലേക്ക് ഒഴുകുന്ന സാഹചര്യം ഉണ്ട്.

**(ബി)** ഇൻലാൻഡ് നാവിഗേഷൻ പാതയായ പ്രസ്തുത പുഴയിലെ ഈ റഗുലേറ്റർ പുതുക്കിപ്പണിയാൻ കഴിയാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലെ ന്യൂകട്ട് റെഗുലേറ്റർ ദേശീയ ജലപാത മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്ക് കം റെഗുലേറ്ററായി പുതുക്കിപ്പണിയുന്നതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ലോക്ക് കം റെഗുലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**(സി)** ജില്ലയിലെ പ്രധാന നദിയായ കടലുണ്ടിപ്പുഴയിലെ ജലം കടൽ വെള്ളത്തിലേക്ക് ഒഴുകി ഉപയോഗശൂന്യമാകുന്നത് തടയുന്നതിനുള്ള ന്യൂ കട്ട് റെഗുലേറ്ററിന്റെ നിലവിലെ ചോർച്ച തടഞ്ഞ് പൂർണ്ണമായും ഉപയോഗയോഗ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

**<u>മറുപടി:</u>** നിലവിലെ റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ലോക്ക് കം റെഗുലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**(ഡി)** അടിയന്തര പ്രാധാന്യത്തോടെ ഈ റഗുലേറ്റർ പുതുക്കിപ്പണിയുന്നതിനോ ചോർച്ച തടയുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിലെ റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ലോക്ക് കം റെഗുലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി

സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**